# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 516/11/12/2023/ TVM**

പരാതികക്ഷി : രാജീവ്.കെ,ഇടവിളാകത്ത് വീട്
നരമ്പുവിള,പാമാംകോട്
ഇൻഡ;എസ്റ്റേറ്റ് പി.ഒ,തിരുവനന്തപുരം

എതിർകക്ഷികൾ :

**ഉത്തരവ് തീയതി 27.01.2024**

പരാതികക്ഷി 50 ശതമാനം വികലാംഗനും ടിയാൻെറ ഭാര്യ സജിനി ആർ.എസ്. രണ്ടു വൃക്കകളും തകരാറിലുള്ള രോഗിയുമാണെന്നും, പൂജപ്പുര വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത് സെക്രട്ടറിയേറ്റിനു സമീപവും, പൂജപ്പുര വികലാംഗ ക്ഷേമ കോർപ്പറേഷനു സമീപവും ബങ്ക് സ്ഥാപിച്ച് നൊങ്ക് ജൂസ് കച്ചവടം ചെയ്തുവരുകയാണെന്നും, കെൽപാം എം.ഡിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭാ അധികൃതർ വന്ന് തൻെറ ബങ്ക് കടകൾ അകാരണമായി പൂട്ടിപ്പിച്ചുവെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി സംഗതിയിൽ തിരുവനന്തപുരം നഗരസഭ സെക്രട്ടറി ഒരു റിപ്പോർട്ട് സമർപ്പിച്ചു. പൂജപ്പുര വാർഡിൽ സെൻട്രൽ ജയിലിനു സമീപം സ്ഥിതി ചെയ്തിരുന്ന പരാതികക്ഷിയുടെ ബങ്ക് 28/11/2022 തീയതി കെൽപാം ചെയർമാൻെറ പരാതിയിന്മേൽ 15.01.2022 ൽ തിരുമല ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസിൽ നിന്നും 3 ദിവസ കാലയളവിൽ ടി ബങ്ക് നീക്കം ചെയ്യുവാൻ നോട്ടീസ് നൽകിയിരുന്നുവെങ്കിലും കെൽപ്പാമിൻെറ ബങ്ക് അല്ലാത്തതിനാൽ ടി ബങ്ക് നാളിതുവരെ നീക്കം ചെയ്തിട്ടില്ലായെന്നും, എന്നാൽ സെക്രട്ടറിയേറ്റിനു സമീപമുള്ള ബങ്ക് നീക്കം ചെയ്തിട്ടുള്ളതായും, കൂടാതെ ടിയാൻെറ നിയന്ത്രണത്തിലുണ്ടായിരുന്നതും ആയുർവേദകോളെജിനു സമീപം പ്രവർത്തിച്ചുകൊണ്ടിരുന്നതുമായ ബങ്കും പരാതികളുടെ അടിസ്ഥാനത്തിൽ നീക്കം ചെയ്തിട്ടുള്ളതായി അറിയാൻ കഴിഞ്ഞുവെന്നും, ബങ്ക് സ്ഥാപിക്കുക ഒരു അവകാശമല്ലായെന്നും എല്ലാവരും പൊതു സ്ഥങ്ങളിൽ തട്ടുകട സ്ഥാപിച്ചാൽ കാൽനട യാത്രക്കാർക്കും വാഹനങ്ങൾക്കും തടസ്സമുണ്ടാകുമെന്നും ആയതിനാൽ അത് നിയന്ത്രിക്കേണ്ടതാണെന്നും കൂടാതെ ഒരു വ്യക്തിക്ക് ഒരു ബങ്ക് മാത്രമെ

ജീവനോപാധിയായി പൊതു നിരത്തിൽ സ്ഥാപിക്കാൻ സാധിക്കുകയുള്ളൂവെന്നും റിപ്പോർട്ടിൽ കാണുന്നു.

തിരുവനന്തപുരം നഗരസഭ സെക്രട്ടറി ഒരു റിപ്പോർട്ട് സമർപ്പിച്ച റിപ്പോർട്ടിൽ പ്രതിപാദിച്ച പ്രകാരം ഒരു വ്യക്തിക്ക് ഒരു ബങ്ക് മാത്രമെ ജീവനോപാധിയായി പൊതു നിരത്തിൽ സ്ഥാപിക്കാൻ സാധിക്കുകയുള്ളൂവെന്ന വാദം കമ്മീഷൻ അംഗീകരിക്കുന്നു. നിലവിൽ ഹർജികക്ഷിയുടെ അധീനതയിലുള്ള പൂജപ്പുര വാർഡിൽ സെൻട്രൽ ജയിലിനു സമീപം സ്ഥിതി ചെയ്യുന്ന ബങ്ക് നഗരസഭാ അധികൃതർ നീക്കം ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ പരാതികക്ഷിക്ക് അനുകൂലമായ ഉത്തരവുകളൊന്നും പാസ്സാക്കാൻ ഈ കമ്മീഷന് സാധിക്കുകയില്ല. ആയതിനാൽ ഈ പരാതിയിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിച്ച് പരാതി തീർപ്പുന്നു.

ഒപ്പ്
**കെ. ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

Amitha S.V.
രജിസ്ട്രാർ